# Pallikoodam Times

ഇതു വായിക്കുന്ന എല്ലാവർക്കും എന്റെ സ്നേഹം നിറഞ്ഞ ഓണാശംസകൾ. ആശംസകൾ അല്പം വൈകി എന്നറിയാം, എന്നാലും ഹൃദയത്തിൽ നിന്നും അർപ്പിക്കുന്നു.

ഓണം, ഇതൊരു ആഘോഷം മാത്രം ആണോ? അതൊരു വികാരം കൂടി അല്ലേ? ജാതിമത ഭേദമില്ലാതെ, സ്ഥലകാല വ്യതാസമില്ലാതെ ഓണം എന്ന് പറയുമ്പോൾ തുടിക്കുന്ന ഹൃദയം ഒരു മലയാളിയുടേത് മാത്രമാണ്. കേരളത്തിൽ ഉടനീളം പല തരത്തിലുള്ള ആചാരങ്ങളും ആഘോഷങ്ങളും ഉണ്ട്, പക്ഷെ ഇത്രയും ഒരുമയും വിപുലവും ആയി മലയാളി ആഘോഷിക്കുന്ന ഒരു ഉത്സവം വേറെ ഇല്ല.

ലോകമെമ്പാടും മലയാളി എത്തിയിട്ടുണ്ട്, മലയാളി എത്തിയിടത്തെല്ലാം ഓണം ആഘോഷിക്കുന്നുമുണ്ട്. ഓണം കേരളത്തിന്റെ ദേശീയോത്സവമാണെങ്കിലും, എല്ലായിടത്തും ഒരു പോലെയല്ല കൊണ്ടാടുന്നത്. ആചാരങ്ങളിലും അനുഷ്ടാനങ്ങളും വ്യത്യാസങ്ങളുമുണ്ട്. ഓണപ്പാട്ടുകളിൽ ഈ വ്യത്യാസം പ്രകടമായി കാണാം. ഓണക്കാല വിനോദങ്ങളിലും തെക്ക്-വടക്ക് മാറ്റം കാണുന്നുണ്ട്. ജാതി വ്യത്യാസങ്ങളനുസരിച്ചും ഓണത്തിനു വ്യത്യാസങ്ങൾ ഉണ്ട്.

ഇതൊക്കെയാണെങ്കിലും അത്തം പത്തോണം തന്നെ എല്ലാ മലയാളികൾക്കും. കൊല്ലവർഷപ്പിറവി ചിങ്ങം ഒന്നിനാണ്. എല്ലാവർക്കും ഈ അവസരത്തിൽ പുതുവത്സരാശംസകളും, എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

സ്വന്തം ലേഖകൻ

*Sreehari Nambiar*
*Editor*
Pallikoodam Times

Established in 2018,
Accredited with Department of Education, NSW.
Member of NSW Federation of Community Language Schools.
Website:
https://pallikoodamnsw.org.au/




***What's Inside***

Announcements
Kaleidoscope
കുഞ്ഞുണ്ണി സൂക്തങ്ങൾ:
ഓണച്ചൊല്ലുകൾ

**Editorial Team**
Sreehari Nambiar
Dr. Ali Parappil
Suhara Faisal
Dr. Rafeena Kidavintavida
Mohammed Hashim
Mohsin Aboobacker

Copyrights @ Pallikoodam

## Announcements

### Awards & Recognitions



**Fathiha Abdurahiman**

Award for Excellence in Student Achievement 2021
Minister's Awards for Community Languages by NSWFCLS



**Shahzain Kolothum Thodika**

Special Commendation award at the NSWFCLS Gala dinner 2021 Arts Competition category A

---

പള്ളിക്കൂടത്തിന്റെ വെബ്സൈറ്റ് പ്രവർത്തനം ആരംഭിച്ചു എന്ന വിവരം സന്തോഷപൂർവം അറിയിച്ചുകൊള്ളുന്നു.

https://pallikoodamnsw.org.au/

പള്ളിക്കൂടത്തിന്റെ യുട്യൂബ് ചാനൽ പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു. സബ്സ്ക്രൈബ് ചെയ്യുവാനും ലൈക് ബട്ടൺ അമർത്തുവാനും ഓർമിക്കുക.

YouTube link




---

### Teachers Training

Three of our teachers have successfully comp ***Foundation Course in Community Languages*** offered by the ***Sydney Institute for Community Languages Education (SICLE)*** under **The University of Sydney**.

The teachers are :

Seena Kunhi



Fathima Latheef



Sreehari Nambiar



### Creative kids Voucher

The NSW Government is helping kids get creative with the new Creative Kids program. Parents, guardians and carers can apply for a voucher with a value of up to $100 per calendar year for each student aged 4.5 to 18 years old enrolled in school. The voucher may be used with a registered activity provider for registration, participation and tuition costs for creative arts, speech, drama, dance, digital design, coding, and music lessons and activities. The voucher can be used at any time during the calendar year it was issued. To use the voucher, give the details to your registered activity provider. The program runs year-round, so kids can get creative at any time. (Extracted from the website).For more info and applying for the creative kids voucher,
https://www.service.nsw.gov.au/transaction/apply-creative-kids-voucher

Copyrights @ Pallikoodam

# Kaleidoscope

These are the drawings by our students and submitted for the NSWFCLS competition as part of the Gala dinner by the Department.

## Faiha



## Fathiha -1



Copyrights @ Pallikoodam

Fathiha -2



Jivin




Copyrights @ Pallikoodam

Myiesha



Advay



Copyrights @ Pallikoodam

Alhan



Shazil



Copyrights @ Pallikoodam

Shazain (Winner - Special Commendation award by NSWFCLS)



Copyrights @ Pallikoodam

## NSW Federation of Community Language Schools Gala dinner & Award ceremony





















Copyrights @ Pallikoodam

## Fun corner

**കുഞ്ഞുണ്ണി സൂക്തങ്ങൾ**:

- നാവിനെല്ലില്ലാത്തവർക്കു നട്ടെല്ലും കഷ്ടിയായിടും.
- നല്ലൊരുച്ചീത്ത പറഞ്ഞു രസിക്കലും കള്ളുകുടിക്കലും തുല്യം.
- ദുസ്തർക്കങ്ങളുതിർക്കുന്നോൻ തന്നെത്തന്നെ തകർക്കുവോൻ.
- ഭോജ്യം കട്ടാൽ മോഷ്ടാവ് രാജ്യം കട്ടാൽ രാജാവ്.
- വിശപ്പടക്കുവാൻ നടക്കുന്നു നിസ്വൻ വിശക്കുവാനല്ലോ നടപ്പൂ സമ്പന്നൻ.
- ഒന്നിച്ചാൽ സുഖം കിട്ടും ഭിന്നിച്ചാൽ ദുഃഖം കിട്ടും.
- ഔഷധങ്ങളിൽ വച്ചിട്ടൗഷധം സന്തോഷം താൻ.
- ഊട്ടിയുണ്ണുന്ന താണൂണ്.
- വിഡ്ഢികൾ നന്നായ് സദ്യ നടത്തും നല്ല സമർഥരതുണ്ണും നന്നായ്.
- തന്നെ മറക്കതിനിക്കു സുഖം തന്നെ നില്ക്ക തനിക്ക സുഖം.
- സുഖിക്കുകയെന്നതൊരു ശീലം മാത്രം. അതു ചെയ്തീടുവാൻ ചിലർക്കേ സാധിക്കൂ.
- കമ്പം വിടൂ, തുമ്പം വിടും.
- ധർമ കർമം ശർമമേകും.
- പിശുക്കനും പന്നിയുമൊപ്പമല്ലോ ജീവിച്ചിരിക്കേഗ്ഗുണമാർക്കുമില്ല.
- വേണ്ടാത്തതില്ലെന്നതില്ലായ്മയല്ല.
- ആത്മാർഥതയില്ലാത്തവനത്യല്പനശക്തൻ.
- കർമം നന്നാക്കിടുന്നോനെ നന്നാക്കും കർമവും ക്രമാൽ.
- സൽക്കർമിക്കില്ല ദുർഗതി.
- കലപില കൂട്ടും പത്രങ്ങൾ. കലഹിക്കില്ലാ കുസുമങ്ങൾ.

Copyrights @ Pallikoodam

# പഴഞ്ചൊല്ലുകളും - അർത്ഥങ്ങളും

## ഓണച്ചൊല്ലുകൾ

1. **കാണം വിറ്റും ഓണം ഉണ്ണണം** – എന്തു നഷ്ടം വന്നിട്ടായാലും നല്ല പ്രവൃത്തികൾ ചെയ്യണം.

2. **ഓണത്തപ്പാ കുടവയറാ, എന്നു തീരും തിരുവോണം?** – ഈ ചൊല്ല് തീറ്റക്കൊതിയന്മാരെ കളിയാക്കുന്നതാണ്.

3. **അത്തം കറുത്താൽ ഓണം വെളുക്കും** – ആദ്യമാദ്യം കുറേ ക്ലേശങ്ങൾ സഹിക്കേണ്ടി വന്നാലും പിന്നെ സുഖമായിരിക്കും.

4. **ഓണം പിറന്നാലും ഉണ്ണി പിറന്നാലും കോരനു കുമ്പിളിൽ തന്നെ കഞ്ഞി** – സമൂഹത്തിലെ പാവപ്പെട്ടവന്റെ നിത്യ ദാരിദ്ര്യ സ്ഥിതി.

5. **ഓണത്തിനില്ലാത്തതോ ചംക്രാന്തിക്ക്** – വലിയ ആഘോഷങ്ങൾക്കൊന്നും ഇല്ലാത്തതു നാമമാത്രമായ ആഘോഷങ്ങൾക്കുണ്ടാവില്ലെന്നു സാരം.

6. **ഉണ്ടെങ്കിൽ ഓണം ഇല്ലെങ്കിൽ പട്ടിണി** - ഐശ്വര്യത്തിൽ കഴിയുകയും പിന്നീടു ദാരിദ്ര്യത്തിൽ കഴിയുകയും ചെയ്യുന്നവരെയാണ് ഇതു കൊണ്ട് അർഥമാക്കുന്നത്.

7. **ഓണത്തിനിടയ്ക്കു പുട്ടു കച്ചവടം** – തരവും സന്ദർഭവും നോക്കി പെരുമാറണം എന്ന് ഈ ചൊല്ല് അർഥമാക്കുന്നു.

8. **കിട്ടുമ്പോൾ തിരുവോണം, കിട്ടിക്കഴിഞ്ഞാൽ ഏകാദശി** – ഉണ്ടെങ്കിൽ ഓണം ഇല്ലെങ്കിൽ പട്ടിണി എന്നതിന്റെ ആശയം തന്നെയാണ് ഈ ചൊല്ലിനും.

9. **ഓണം പോലെയാണോ തിരുവാതിര** – ഒന്ന് ഒരിക്കലും മറ്റൊന്നിനെപ്പോലെയല്ല.

10. **ഉള്ളതു കൊണ്ടോണം പോലെ** – വരവറിഞ്ഞു ചെലവാക്കാന്നവരെ ഈ ചൊല്ല് സൂചിപ്പിക്കുന്നു.

Kindly give us your valuable feedback. It would help us to improve. We also invite article for the future newsletters.
Please write to pallikoodam.madhurammalayalam@gmail.com

Copyrights @ Pallikoodam